KERALA BANK
Kerala State Co-operative Bank

KSCB/HR/546 /2023-24 05.04.2024

<u>രജിസ്റ്റേഡ് എഡി/</u>

<u>കുറ്റാരോപണ മെമ്മോ</u>

ശ്രീമതി. ഡാളി.എ. (ID No. 02522) എന്ന താങ്കൾ മുൻ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ 29.09.2010-ൽ ക്ലാർക്ക്/ക്യാഷ്യർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് താങ്കളുടെ അപേക്ഷ പ്രകാരം 10.05.2016 മുതൽ 09.05.2020 വരെ ശൂന്യവേതന അവധി ബാങ്ക് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ശ്രീമതി. ഡാളി.എ എന്ന താങ്കൾ 09.05.2020 നുശേഷം നാളിതുവരെ ജോലിയിൽ തിരികെ പ്രവേശിക്കുകയോ അവധി അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്.

ശ്രീമതി. ഡാളി.എ എന്ന താങ്കൾ മുൻ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ ജോലിയിലിരിക്കെ താങ്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട ശൂന്യവേതന അവധി 09.05.2020-നു അവസാനിച്ചുവെങ്കിലും താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കുകയോ, ലീവ് നീട്ടി നൽകുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ ചെയ്യാതെ ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയിരിക്കുന്നു.

കൂടാതെ താങ്കൾക്ക് വിദേശത്ത് പോകാൻ അവധി അനുവദിക്കപ്പെട്ട സമയത്ത് വിദേശത്തുള്ള താങ്കളുടെ contact details ബാങ്കിനെ അറിയിക്കാത്തത് മൂലം താങ്കളുടെ പേരിൽ ബാങ്കിൽ നിന്നും അയച്ചതായ രജിസ്റ്റേഡ് കത്തുകൾ 'addressee left the country' എന്ന് രേഖപ്പെടുത്തി മടങ്ങിയിട്ടുള്ളതാണ്.

താങ്കളുടെ മേൽ പ്രസ്താവിച്ച പ്രവൃത്തികൾ ബാങ്കിന്റെ സ്റ്റാഫ് റെഗുലേഷനിലെ താഴെ പറയുന്ന Clause- കളുടെ ലംഘനവും ഗുരുതരമായ അച്ചടക്കലംഘനവുമാകുന്നു.

Clause 44(d):- Leave will ordinarily be granted on previous written application only.

Clause 44(e):- Absence without whether in continuation of sanctioned leave or otherwise shall be treated as leave without pay and the employee will be subject to disciplinary action by the Bank for such absence.

Clause 44(h):- An employee before proceeding on leave will intimate to the sanctioning authority his address while on leave and will keep the said authority informed of the change in the address, if any previously furnished by him.

Clause 7 :- Every employee of the Bank shall conform to and abide by these regulations and shall observe, comply with and obey all orders and directions which may, from time to time, be given to him by any person or persons under whose supervision and control he may, for the time being, be placed.

Clause 55(1)(f):- Willful insubordination or disobedience of any lawful and reasonable order of a superior or misbehavior with any employee of the Bank

Clause 55(1)(g):- Any other act or omission on the part of the employee considered as gross misconduct by the competent authority.

10.05.2020 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന താങ്കൾക്കെതിരെ ബാങ്ക് സ്റ്റാഫ് റെഗുലേഷൻ പ്രകാരം ഉചിതമായ അച്ചടക്കനടപടികൾ സ്വീകരിക്കാൻ ബാങ്ക് ഭരണസമിതിയുടെ 25.10.2023-ലെ 2046(5)-ാം നമ്പർ തീരുമാനപ്രകാരം അതിന് ചുമതലപ്പെട്ട ശിക്ഷണ അധികാരി തീരുമാനിച്ചിരിക്കുന്നു.

മുകളിൽ പരാമർശിക്കപ്പെട്ട കുറ്റാരോപണങ്ങളുടെ പേരിൽ താങ്കൾക്കെതിരെ Kerala State Co-operative Bank Staff Regulation, KCS Act & Rules എന്നിവയിലെ പ്രസക്തമായ വ്യവസ്ഥകൾപ്രകാരം അച്ചടക്കനടപടി കൈകൊള്ളാതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ചുവടെ കയ്യൊപ്പുചാർത്തിയ ശിക്ഷണ അധികാരി മുമ്പാകെ 15 ദിവസങ്ങൾക്കുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്.

നിർദ്ദിഷ്ട 15 ദിവസത്തിനുള്ളിൽ ഈ കുറ്റാരോപണമെമ്മോയ്ക്കുള്ള മറുപടി ചുവടെ കയ്യൊപ്പു ചാർത്തിയ ശിക്ഷണാധികാരി സമക്ഷം ലഭിക്കാത്തപക്ഷം താങ്കൾക്ക് ഈ കുറ്റാരോപണ മെമ്മോയ്ക്കുമേൽയാതൊന്നും ബോധിപ്പിക്കാനോ വിശദീകരിക്കാനോ ഇല്ല എന്ന അനുമാനത്തിന്മേൽ താങ്കൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള അച്ചടക്കലംഘനത്തിൻമേൽ തുടർനടപടി കൈക്കൊള്ളുന്നതാണ്.

ഈ കുറ്റാരോപണ മെമ്മോയോടൊപ്പം താങ്കൾക്കെതിരെ ഉന്നയിച്ചിരിക്കുന്ന അച്ചടക്കലംഘനത്തിന് അടിസ്ഥാനമായ ഒരു കുറ്റാരോപണ പത്രികയും (അനുബന്ധം 1) ഉൾപ്പെടുത്തിയിട്ടുണ്ട്

ഈ കുറ്റാരോപണ മെമ്മോയും താങ്കൾ കൈപ്പറ്റി ഒരു രസീത് ഉടൻ തന്നെ നൽകണമെന്നും ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 8/4/24
(നിയമന അധികാരി)

ശ്രീമതി. ഡാളി.എ
T.C 32/698 (2)
Vettucaud, Titanium. P.O
Thiruvananthapuram -695021

Kerala State Co-operative Bank
KERALA BANK
Head Office
Thiruvananthapuram

KERALA BANK
Kerala State Co-operative Bank

RD. No. 6515, COBANK TOWERS,
VIKAS BHAVAN P.O., PALAYAM,
THIRUVANANTHAPURAM,
PIN 695 033

KSCB/HR/246 /2023-24 05.04.2024

<u>രജിസ്റ്റേഡ് എഡി/</u>

<u>കുറ്റാരോപണ പത്രിക</u>
<u>അനുബന്ധം-1</u>

ശ്രീമതി. ഡാളി.എ. (ID No. 02522) എന്ന താങ്കൾ മുൻ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ 29.09.2010-ൽ ക്ലാർക്ക്/ക്യാഷ്യർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് താങ്കളുടെ അപേക്ഷ പ്രകാരം 10.05.2016 മുതൽ 09.05.2020 വരെ ശൂന്യവേതന അവധി ബാങ്ക് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ശ്രീമതി. ഡാളി.എ എന്ന താങ്കൾ 09.05.2020 നുശേഷം നാളിതുവരെ ജോലിയിൽ തിരികെ പ്രവേശിക്കുകയോ അവധി അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്.

കേരള സർക്കാരിന്റെ G.O (P) No.87/2022 Fin dated 03.08.2022 നമ്പർ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം (GO (A) No.152/2020 dated 05.11.2020) അനുവദനീയമായ ശൂന്യവേതന അവധിയുടെ പരമാവധി സമയപരിധി 5 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതാണ്.

ജോലിയിൽ തിരികെ പ്രവേശിക്കാതിരുന്ന ശ്രീമതി. ഡാളി.എ എന്ന താങ്കൾക്ക് രജിസ്റ്റേഡ് തപാലിൽ താങ്കൾ ബാങ്കിന് നൽകിയിട്ടുള്ള മേൽവിലാസത്തിൽ 29.04.2021-ൽ KSCB/R1/HR/44/2021-22 നമ്പരായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നു. ആയത് താങ്കൾ കൈപ്പറ്റാതെ മടങ്ങിയിട്ടുള്ളതുമാകുന്നു. വിദേശത്ത് താമസിക്കുന്നതിന് അവധിയിൽ പ്രവേശിച്ച സമയത്ത് വിദേശത്തെ മേൽ വിലാസം ബാങ്കിനു സമർപ്പിക്കാത്തത് താങ്കളുടെ ഭാഗത്തുള്ള ഗുരുതരവീഴ്ചയാണ്.

ശ്രീമതി. ഡാളി.എ എന്ന താങ്കൾ മുൻ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ ജോലിയിലിരിക്കെ താങ്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട ശൂന്യവേതന അവധി 09.05.2020-നു

അവസാനിച്ചുവെങ്കിലും താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കുകയോ, ലീവ് നീട്ടി നൽകുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ ചെയ്യാതെ ഗുരുതരമായ അച്ചടക്കലംഘനം നടത്തിയിരിക്കുന്നു.

കൂടാതെ താങ്കൾക്ക് വിദേശത്ത് പോകാൻ അവധി അനുവദിക്കപ്പെട്ട സമയത്ത് വിദേശത്തുള്ള താങ്കളുടെ contact details ബാങ്കിനെ അറിയിക്കാതെ കൃത്യവിലോപം വരുത്തിയിരിക്കുന്നു. താങ്കളുടെ പേരിൽ ബാങ്കിൽ നിന്നും അയച്ചതായ രജിസ്റ്റേഡ് കത്തുകൾ 'addressee left the country' എന്ന് രേഖപ്പെടുത്തി മടങ്ങിയതുവഴി ബാങ്കിന്റെ നിയമാനുസരണമുള്ള അറിയിപ്പുകൾ കൈപറ്റാതെ വീഴ്ച വരുത്തിയിരിക്കുന്നു.

10.05.2020 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന താങ്കൾക്കെതിരെ ബാങ്ക് സ്റ്റാഫ് റെഗുലേഷൻ പ്രകാരം ഉചിതമായ അച്ചടക്കനടപടികൾ സ്വീകരിക്കാൻ ബാങ്ക് ഭരണസമിതിയുടെ 25.10.2023-ലെ 2046-ാം നമ്പർ തീരുമാനപ്രകാരം അതിന് ചുമതലപ്പെട്ട ശിക്ഷണ അധികാരി തീരുമാനിച്ചിരിക്കുന്നു.

താങ്കളുടെ മേൽപ്പറഞ്ഞ പ്രവർത്തികൾ അത്യധികം ഗൗരവതരമായ ചട്ടലംഘനവും ഒരു ബാങ്ക് ജീവനക്കാരിയെന്നനിലയിൽ ബാങ്കിന്റെ സ്റ്റാഫ് റെഗുലേഷൻ പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനവുമാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 8/4/24
(നിയമന അധികാരി)

Kerala State Co-operative Bank, Kerala Bank, Head Office, Thiruvananthapuram

ശ്രീമതി, ഡാളി.എ
T.C 32/698 (2)
Vettucaud, Titanium. P.O
Thiruvananthapuram -695021